LIBRARY ARCHIVES Kerala Legislative Assembly

1. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ

a) വിരമിക്കൽ ഒഴിവുകൾ - 8

2. എക്സിക്യൂട്ടീവ് എഞ്ചിനീയർ

a) വിരമിക്കൽ ഒഴിവുകൾ - 9

3. അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

a) വിരമിക്കൽ ഒഴിവുകൾ - 4

(സി) അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ ഒഴിവുകൾ നികത്താൻ നടപടിയെടുക്കുമോ; എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തരം അസിസ്റ്റന്റ് എഞ്ചിനീയറുടെ ഒഴിവുകൾ നികത്തുന്ന കാര്യം പരിശോധിക്കുമോ?

അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ നിലവിലുള്ള 4 ഒഴിവുകൾ KPSC-ലേയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. KPSC-യിൽനിന്നും Non Availability Certificate ലഭിച്ചാൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തരം ഒഴിവുകൾ നികത്തുന്ന കാര്യം പരിഗണിക്കാൻ കഴിയും.

പൈപ്പുകളുടെ നവീകരണ പ്രവൃത്തികൾ

226(2262) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി.ഡബ്ല്യു.എസ്.എസ്. പ്രകാരം 2018-ൽ ഭരണാനുമതി ലഭിച്ച വടക്കാഞ്ചേരിയിലും സമീപ പഞ്ചായത്തുകളിലുമുള്ള പഴയതും തകരാറിലായതുമായ പൈപ്പുകളുടെ നവീകരണ പ്രവൃത്തികൾക്കായി 5 കോടി രൂപ അനുവദിച്ചിരുന്നതിൽനിന്ന് നാളിതുവരെ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

സി.ഡബ്ല്യു.എസ്.എസ്. പ്രകാരം വടക്കാഞ്ചേരിക്കും സമീപ പഞ്ചായത്തുകൾക്കുംവേണ്ടിയുള്ള പദ്ധതിയുടെ കാലഹരണപ്പെട്ട പൈപ്പുകൾ മാറ്റിസ്ഥാപിക്കുന്നതിന് 5 കോടി രൂപയുടെ പ്രവൃത്തിക്ക് ഭരണാനുമതി 2018-ൽ നൽകിയിട്ടില്ല. എന്നാൽ ടി പദ്ധതിക്ക് 5 കോടി രൂപയുടെ ഭരണാനുമതി 2014-15 സാമ്പത്തിക വർഷം സ്റ്റേറ്റ് പ്ലാനിലുൾപ്പെടുത്തി നൽകിയിരുന്നു. ഇതുവരെ 2,55,72,192 രൂപ ഈ പ്രവൃത്തിക്ക് ചെലവഴിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി നിലവിൽ പൂർത്തീകരിച്ചിട്ടുണ്ടോ?

ഭാഗികമായി പൂർത്തീകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇല്ലെങ്കിൽ പൂർത്തീകരിക്കുവാൻ സാധിക്കാത്തതിന്റെ കാരണം വിശദമാക്കാമോ?

ടി പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകി ടെണ്ടർ ചെയ്ത് 24-11-2016-ൽ പ്രവർത്തനാനുമതി നൽകുകയും 06-1-2017-ൽ കരാറുകാരൻ കരാറിൽ ഏർപ്പെടുകയും ചെയ്തു. ടി പ്രവൃത്തിയിൽ 10.10 കിലോമീറ്റർ നീളത്തിൽ വിവിധ വ്യാസമുള്ള DI/PVC പൈപ്പുകൾ സ്ഥാപിക്കേണ്ടിയിരുന്നു. ആയതിൽ 7.457 കി.മീ. നീളത്തിൽ പൈപ്പുകൾ സ്ഥാപിച്ചിട്ടുണ്ട്. പ്രവൃത്തിക്ക് ആവശ്യമായ റോഡ് റീസ്റ്റോറേഷൻ ചാർജ്ജ് പി.ഡബ്ല്യു.ഡി. ആവശ്യപ്പെട്ടപ്രകാരം 13-10-2017-ൽ ഒടുക്കിയിരുന്നു. എന്നാൽ അഡീഷണൽ റോഡ് റീസ്റ്റോറേഷൻ ചാർജ്ജായി 45,33,339 രൂപ ആവശ്യപ്പെടുകയും അപ്രകാരം 17-10-2020-ൽ പ്രസ്തുത തുക ഈ ഇനത്തിൽ പി.ഡബ്ല്യു.ഡി.-യിൽ അടയ്ക്കുകയും ചെയ്തിട്ടുണ്ട്. പ്രവൃത്തി ചെയ്യുവാനുള്ള സമയപരിധി നീണ്ടുപോയതിനാൽ കരാറുകാരന്റെ സമയപരിധി കഴിഞ്ഞെന്നും പഴയ റേറ്റിൽ പണി പൂർത്തിയാക്കുവാൻ ബുദ്ധിമുട്ടുണ്ടെന്നും അധിക തുക നൽകണമെന്നും കരാറുകാരൻ ആവശ്യപ്പെട്ടിരുന്നു. എന്നാൽ കരാറുകാരൻ ആവശ്യപ്പെട്ട അധിക തുക നൽകാൻ സാധിക്കാത്തതിനാൽ 28-05-2021-ൽ കരാർ റദ്ദുചെയ്തു. ബാക്കി പ്രവൃത്തികൾ ടെണ്ടർ ചെയ്ത് നടപ്പിലാക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

സീതാർകുണ്ട് മിനി ഡൈവേർഷൻ പദ്ധതി

227(2263) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജകമണ്ഡലത്തിലെ മുതലമട, കൊല്ലങ്കോട്, വടവന്നൂർ, എലവഞ്ചേരി, പല്ലശ്ശന എന്നീ പഞ്ചായത്തുകളിലെ കാർഷിക മേഖലയ്ക്കും കുടിവെള്ള പ്രശ്നത്തിനും ശാശ്വത പരിഹാരം കാണുന്നതിനുള്ള സീതാർകുണ്ട് മിനി ഡൈവേർഷൻ പദ്ധതിയുടെ പ്രവർത്തനം ഏതുഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്കായി നാളിതുവരെ നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

(എ&ബി) മീങ്കര, ചുള്ളിയാർ ജലസംഭരണികൾ ജലക്ഷാമം നേരിടുന്നതിനാൽ പ്രസ്തുത സംഭരണികളുടെ കാര്യക്ഷമതയും സാധ്യതയും അടിസ്ഥാനമാക്കി നെല്ലിയാമ്പതി കുന്നുകളിലെ വെള്ളച്ചാട്ടത്തിനെയും ജലസംഭരണികളേയും ബന്ധിപ്പിച്ചുകൊണ്ട് ഒരു ഡൈവേർഷൻ സ്കീം നിർമ്മിക്കാനാണ് സീതാർകുണ്ട് ഡൈവേർഷൻ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. ഇതിന്റെ ഭാഗമായി കേരള എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (KERI) പീച്ചിയുടെ നേതൃത്വത്തിൽ സാദ്ധ്യതാ പഠനം തുടങ്ങിയിട്ടുണ്ട്.